**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഹെൽത്ത് ഗ്രാന്റായി കേരളത്തിന് കേന്ദ്ര സർക്കാർ എത്ര തുകയാണ് അവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഹെൽത്ത് ഗ്രാന്റിനത്തിൽ പതിനാലാം ധനകാര്യ കമ്മീഷൻ കേരളത്തിന് തുകയൊന്നും തന്നെ ശുപാർശ ചെയ്തിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-26 ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാരിന് ഹെൽത്ത് ഗ്രാന്റിനത്തിൽ 2968 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാർ തുകയൊന്നും റിലീസ് ചെയ്തിട്ടില്ല. |
| (ബി) | ഇപ്രകാരം അനുവദിച്ച തുക കൽപ്പറ്റ മണ്ഡലത്തിലെ ഏതെങ്കിലും കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവ നവീകരിക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മേൽ പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (സി) | ഹെൽത്ത് ഗ്രാന്റിനൊപ്പം സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും സമന്വയിപ്പിച്ച് ആരോഗ്യ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മേൽ പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ